

THURSDAY 19-05-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


Chief Editor : Sunilkumar R Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/05/2022.

1. പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിയ്ക്കുവാനായി കൃഷിവകുപ്പ് കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിച്ചു. കൺട്രോൾ റൂം ഫോൺ നമ്പരുകൾ താഴെ പറയുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | 9383470086 | 9383470092 |
| കൊല്ലം | 9447104855 | 7907935033 |
| പത്തനംതിട്ട | 9495734107 | 9495606930 |
| കോട്ടയം | 9383470704 | 9249500168 |
| ആലപ്പുഴ | 8848017609 | 9447400212 |
| എറണാകുളം | 9383471150 | 9383471180 |
| തൃശ്ശൂർ | 9383473242 | 9383473536 |
| പാലക്കാട് | 9447359453 | 9447839399 |
| മലപ്പുറം | 9400000914 | 9446474275 |
| കോഴിക്കോട് | 8547802323 | 9847402917 |
| ഇടുക്കി | 9447232202 | 9447447705 |
| വയനാട് | 9446367312 | 9383471915 |
| കണ്ണൂർ | 9383472028 | 9495326950 |
| കാസർഗോഡ് | 9383471961 | 9383471965 |

2. റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അറിയുന്നതിന് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഇന്ന് (മെയ് 19) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ കോൾ സെന്ററിൽ കർഷകരുടെ ചോദ്യങ്ങൾക്കു മറുപടി പറയുന്നതാണ്. **0481 2576622** എന്നതാണ് കോൾ സെന്റർ നമ്പർ.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

3. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ പ്രവർത്തിക്കുന്ന കൃഷിവകുപ്പ് വിൽപ്പനകേന്ദ്രത്തിൽ നല്ലയിനം തെങ്ങിൻതൈകൾ, ജൈവവളം, ടിഷ്യുകൾച്ചർ വാഴവിത്തുകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ, കമുകിൻ തൈകൾ, ജൈവകീടനാശിനികൾ എന്നിവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നിന്നും 2022 വർഷത്തെ പാൽ കാർഡ് ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് ഈ മാസം 21 വരെ (മേയ് 21) പ്രവർത്തി ദിവസങ്ങളിൽ ഫാം ഓഫീസിൽ നിന്നും രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 വരെ നൽകുന്നതാണ്. ആവശ്യമുള്ളവർ റേഷൻ കാർഡുമായി നേരിട്ട് ഓഫീസിൽ എത്തണമെന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം സൂപ്രണ്ട് അറിയിക്കുന്നു.

5. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ ഉത്പാദിപ്പിക്കുന്ന വിവിധ ചിക്കൻ ഉത്പന്നങ്ങൾ വിൽക്കുന്നതിന് തിരുവനന്തപുരം നഗരത്തിലെ പ്രധാന സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന വിൽപ്പന കേന്ദ്രം ആരംഭിച്ചു. കെപ്കോ ഉത്പന്നങ്ങൾ സെക്രട്ടറിയേറ്റിൽ വൈകിട്ട് 3.30 മുതൽ 4 വരെയും വികാസ്ഭവനിൽ വൈകിട്ട് 4.15 മുതൽ 5.15 വരെയും വഴുതയ്ക്കാട് വൈകിട്ട് 5.30 മുതൽ 6 വരെയും ഓഫീസ് ജീവനക്കാർക്കും പൊതുജനങ്ങൾക്കും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000924, 9074893474** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പാക്കിവരുന്ന '**അടിയന്തിര രാത്രികാല വെറ്ററിനറി സേവനം**' എന്ന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ള ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ, പൂർണ്ണമായും താൽക്കാലികമായി, പരമാവധി 89 ദിവസത്തേയ്ക്ക് രാത്രിസമയങ്ങളിൽ സേവനം നടത്തുവാൻ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നു. വെറ്ററിനറി സയൻസിലെ ബിരുദം, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ എന്നീ അവശ്യ യോഗ്യതകളോടൊപ്പം ക്ലിനിക്കൽ ഒബ്സ്ട്രട്രിക്സ് ആന്റ് ഗൈനക്കോളജി, ക്ലിനിക്കൽ മെഡിസിൻ, സർജറി എന്നിവയിൽ ബിരുദാനന്തര ബിരുദം തുടങ്ങിയവ അഭിലഷണീയ യോഗ്യതയായി കണക്കാക്കുന്നതാണ്. താൽപര്യമുള്ള കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ള വെറ്ററിനറി ബിരുദധാരികൾ ഈ **മാസം 26-ന്** (26-5-2022) രാവിലെ 11 മണിക്ക് ബയോഡാറ്റയും യോഗ്യത

തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണെന്ന് ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0477–2252431** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) കിഴിൽ പേട്ടയിൽ പ്രവർത്തിക്കുന്ന റസ്റ്റോറന്റിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ എഫ് ആന്റ് ബി മാനേജരുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. 35-നും 60 വയസിനും ഇടയിലുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൻ ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ് പാസായിരിക്കണം. 10 വർഷത്തിൽ കുറയാത്ത മുൻപരിചയം ഉണ്ടായിരിക്കണം. സ്ഥാപനത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവർക്ക് മുൻഗണന ഉണ്ടായിരിക്കും. അപേക്ഷകൾ ബയോഡേറ്റ സഹിതം ഈ മാസം 30 (മേയ് 30) നു മുമ്പായി **മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ), ടി.സി 30/697 പേട്ട, തിരുവനന്തപുരം – 695024** എന്ന മേൽവിലാസത്തിൽ ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **0471–2478585** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. പ്രളയകാലത്തെ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 2020-2021 സാമ്പത്തിക വർഷം ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ കന്നുകാലികളെ സംരക്ഷിക്കുന്നതിനായി ചമ്പക്കുളം ബ്ളോക്കിൽ നെടുമുടി ഗ്രാമപഞ്ചായത്തിൽ ചെമ്പുംപുറം ക്ഷീരസംഘത്തിന്റെ 15 സെന്റ് സ്ഥലത്ത് നിർമ്മിച്ച മൾട്ടിപർപ്പസ് എലിവേറ്റഡ് കമ്മ്യൂണിറ്റി കാറ്റിൽ ഷെഡിന്റെ ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിച്ചു. 108 പശുക്കളെ സംരക്ഷിക്കുന്നതിനുള്ള മേൽ കെട്ടിട സമുച്ചയം സ്ഥാപിക്കുന്നതോടുകൂടി കുട്ടനാട് താലൂക്കിലെ നെടുമുടി ഗ്രാമ പഞ്ചായത്തിലുള്ള 108 പശുക്കളെ പ്രളയദുരിതത്തിൽ നിന്നും സംരക്ഷിക്കുന്നതിന് സാധിക്കുന്നതാണ്. ഈ ഷെഡിൽ തന്നെ ബാക്കി വരുന്ന സ്ഥലത്ത് ജനറേറ്റർ, വിശ്രമമുറി എന്നിവയും ലിഫ്റ്റ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ചാണകം, മൂത്രം എന്നിവ സംഭരിക്കുന്നതിനായി ടാങ്കും ഉണ്ട്. പശുക്കളുടെ സംരക്ഷണത്തിനായി ഗ്രിൽ സംവിധാനവും ഒരുക്കിയിട്ടുണ്ട്. അതുപോലെ തന്നെ ഏറ്റവും താഴത്തെ നിലയിൽ പാൽ സംഭരണം, പാൽ പരിശോധന

മുറികൾ, സംഘം ഓഫീസ്, യോഗം കൂടുന്നതിനുള്ള മുറികൾ കാലിത്തീറ്റ ഗോഡൗൺ എന്നിവയും നിർമ്മിച്ചിട്ടുണ്ട്.

**പരിശീലന പരിപാടികൾ**

9. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (മേയ് 19) രാവിലെ 11 മണിക്ക് **മണ്ണ് പരിപാലനം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക..

10. ലോക തേനീച്ച ദിനത്തോടനുബന്ധിച്ച് ഈ മാസം 20,21 (മേയ് 20, 21) തീയതികളിൽ പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ **തേനീച്ച വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 35 പേർക്കാണ് അവസരം. കൂടുതൽ വിവരങ്ങൾക്ക് **6282937809, 0466-2912008** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

11. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഇടവേള കൂടിയ ടാപ്പിങ്‌രീതികൾ, യന്ത്രവത്കൃത ടാപ്പിങ്** എന്നിവയിൽ പരിശീലനം നൽകുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് മെയ് 25-ന് നടത്തുന്ന പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പരിലോ **7306464582** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.